भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

RBI/2019-20/172

Dos.Co.PPG.BC.01/11.01.005/2019-20 മാർച്ച് 16, 2020

എല്ലാ ഷെഡ്യൂൾഡ് വാണിജ്യബാങ്കുകൾ (ആർആർബികൾ ഒഴികെ)
എല്ലാ ലോക്കൽ ഏരിയാ ബാങ്കുകൾ, എല്ലാ സ്മാൾ ഫിനാൻസ് ബാങ്കുകൾ
എല്ലാ പെയ്മെൻറ് ബാങ്കുകൾ, എല്ലാ യുസിബികൾ/ എൻബിഎഫ് സികൾ
എന്നിവയുടെ ചെയർമാൻ/മാനേജിംഗ് ഡയറക്ടർ/
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

മാഡം/സർ,

**കോവിഡ്-19 - നിയന്ത്രണപരവും ബിസിനസ്സ് തുടർച്ചയ്ക്കുമുള്ള നടപടികൾ**

നിങ്ങൾക്കറിയാവുന്നതുപോലെ, അടുത്തകാലത്ത് പൊട്ടിപ്പുറപ്പെട്ട നോവൽ കൊറോണ വൈറസ് രോഗത്തെ (കോവിഡ്-19) ലോകാരോഗ്യ സംഘടന ഒരു മഹാമാരിയായി പ്രഖ്യാപിച്ചിരിക്കുന്നു. വിവിധരാജ്യങ്ങളിൽ ഈ മഹാമാരി ശക്തമായും, വ്യക്തികളിൽനിന്നും വ്യക്തികളിലേക്ക് വ്യാപനം തുടർന്നുകൊണ്ടിരിക്കുന്നതായും സൂചിപ്പിക്കപ്പെടുന്നു. ഇതിന്റെ വ്യാപനത്തിന്റെ തോതും, അത് ആഗോളസമ്പദ് വ്യവസ്ഥയിലുണ്ടാക്കിയേക്കാവുന്ന ആഘാതവും അനിശ്ചിതമായി തുടരുന്നു. ഇന്ത്യയിലും നിരവധിപേർക്ക് രോഗം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ചടുലത സംരക്ഷിക്കാനായി, ഉരുത്തിരിഞ്ഞുവരുന്ന സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ഏകോപിത തയാറെടുപ്പിന്റെ ആവശ്യകത ഉയർന്നുവരുന്നുണ്ട്.

वित्तीय बाज़ार विनियमन विभाग,केंद्रीय कार्यालय भवन, नौवीं मंजिल,शहीद भगत सिंह मार्ग, फोर्ट, मुंबई-400001.भारत
फोन: (91-22) 2260 1000,फैक्स: (91-22) 22702290 ई-मेल: cgmfmrd@rbi.org.in
Financial Markets Regulation Department, Central Office Building, 9th Floor, Shahid Bhagat Singh Marg, Fort, Mumbai – 400001. India
Tel: (91-22) 2260 1000, Fax: (91-22) 22702290 e-mail- cgmfmrd@rbi.org.in

हिन्दी आसान है, इसका प्रयोग बढ़ाइए

2. സംസ്ഥാന സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട്, ഇന്ത്യാ ഗവൺമെന്റ് രോഗവ്യാപനം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിരിക്കുമ്പോൾതന്നെ, താഴെക്കൊടുത്തിരിക്കുന്ന സൂചനാപരമായ പട്ടികയിൽ കൊടുത്തിട്ടുള്ളതുപോലെയുള്ള കൂടുതൽ നടപടികൾ, ബാങ്കുകളും മറ്റു ധനകാര്യസ്ഥാപനങ്ങളും, നിലവിലുള്ള അവയുടെ കാര്യനിർവ്വഹണപരവും ബിസിനസ്സ് തുടർച്ചയുടെ ഭാഗമായി എടുക്കേണ്ട താണ്.

(a) സ്ഥാപനത്തിനകത്തുള്ള രോഗവ്യാപനം സംബന്ധിച്ച് നിരീക്ഷണ സംവിധാനം രൂപീകരിക്കുക, രോഗം ബാധിച്ച ജീവനക്കാരെ കണ്ടുപിടിച്ച് രോഗവ്യാപനം കൂടാതെ തടയുന്നതിനായി യാത്രാ പ്ലാനുകളും ക്വാറന്റെൻ സംവിധാനങ്ങളും ക്രമീകരിക്കുക, ജീവനക്കാരുടെ ഇടയിലും പൊതുജനങ്ങളുടെ ഇടയിലും ഭീതിപടരുന്നത് ഒഴിവാക്കുക.

(b) കുറച്ചാളുകളുടെ രോഗവ്യാപനംമൂലമോ, പ്രതിരോധ നടപടികളാലോ സേവനങ്ങൾ നൽകുന്നതിനുവന്നുചേരുന്ന തടസ്സങ്ങൾ ഒഴിവാക്കുക, നിർണ്ണായകമായ ബന്ധങ്ങൾ തുടരുക എന്നിവ ലക്ഷ്യമാക്കി നിർണ്ണായക സംവിധാനങ്ങളും ബിസിനസ്സ് തുടർപ്ലാനുകളും പുനരവലോകനം ചെയ്യുക.

(c) എല്ലാ വിഭാഗങ്ങളിലുമുള്ള ജീവനക്കാരുടേയും, നല്ല പ്രതികരണവും പങ്കാളിത്തവും ലഭിക്കാനായി ആരോഗ്യ വിദഗ്ദരുടെ സമയാസമയത്തുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങളും തന്ത്രങ്ങളും അവരുമായി പങ്കുവയ്ക്കുക, സംശയാസ്പദമായ കേസുകളിൽ എടുക്കേണ്ട നടപടികളേയും പ്രതിരോധ പ്രവർത്തനങ്ങളെയും സംബന്ധിച്ചും അവരെ ബോധവൽക്കരിക്കുക.

(d) ഇടപാടുകാരെ കഴിയുന്നിടത്തോളം ഡിജിറ്റൽ ബാങ്കിംഗ് ഉപാധികൾ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുക.

3. ബിസിനസ്സ് പ്രക്രിയകളുടെ ചടുലത നിലനിര്‍ത്തുകയെന്നത് ഉറപ്പുവരുത്തു മ്പോഴും ഈ സ്ഥാപനങ്ങള്‍, ഇന്ത്യയില്‍ കോവിഡ്-19 ന്റെ കൂടുതല്‍ വ്യാപനം സംജാതമാക്കുന്ന സ്ഥിതിവിശേഷങ്ങള്‍, ബാലന്‍സ്ഷീറ്റ്ആസ്തികളുടെ ഗുണമേന്മ, ലികചിഡിറ്റി തുടങ്ങിയവയും അത്തരമൊരു സാഹചര്യം നമ്മുടെ സമ്പദ് വ്യവസ്ഥയിലും, ആഗോള ധനകാര്യ സമ്പദ് വ്യവസ്ഥകളിലുണ്ടാക്കുന്ന തടസ്സങ്ങളുടെ സംക്രമണം തുടങ്ങിയവ ഏല്പിച്ചേക്കാവുന്ന ആഘാതങ്ങളുടേയും സ്ഥിതി നിര്‍ണ്ണവും നടത്തേണ്ടതുണ്ട്. മേല്‍പ്പറഞ്ഞ പഠനങ്ങളെ അടിസ്ഥാന പ്പെടുത്തി അവര്‍ നഷ്ടസാദ്ധ്യതകള്‍ മാനേജ്ചെയ്യാനുള്ള നടപടികള്‍ കൈക്കൊള്ളുകയും അവ ഞങ്ങളെ അറിയിക്കുകയും വേണം.

4. ബിസിനസ്സ് സാമൂഹ്യ പരിപ്രേക്ഷ്യങ്ങളില്‍ നിന്ന്, ഈ സാഹചര്യം സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതിനാല്‍, ഒരു ദ്രുതപ്രതികരണ സംഘം (Quick Response Team) രൂപീകരിക്കണം. ഈ ടീം ഉന്നതാധികാരികള്‍ക്ക് പ്രധാന സമകാലിക സംഭവവികാസങ്ങളെ സംബന്ധിച്ച വിവരങ്ങള്‍ നിരന്തരം നല്‍കണം. നിയന്ത്രകര്‍, ബാഹ്യസ്ഥാപനങ്ങള്‍ ഏജന്‍സികള്‍ എന്നിവയുമായി ബന്ധപ്പെടാനുള്ള ഒരു സിംഗിള്‍ പോയിന്റ്കോണ്‍ടാക്ടായി വര്‍ത്തിക്കണം.

വിശ്വാസപൂര്‍വ്വം

(അജയ് കുമാര്‍ചൗധരി)
ചീഫ് ജനറല്‍ മാനേജര്‍